പ്രകൃതിക്ഷോഭംമൂലം ഉടുമ്പൻചോല നിയോജകമണ്ഡലത്തിലുണ്ടായ നാശനഷ്ടങ്ങൾക്കുള്ള നഷ്ടപരിഹാരം

22 (4301) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001-2002 വർഷങ്ങളിൽ ഉടുംബൻചോല നിയോജകമണ്ഡലത്തിൽ പ്രകൃതിക്ഷോഭംമൂലം എത്ര തുകയുടെ നാശനഷ്ടം കണക്കാക്കിയിട്ടുണ്ട് :

(ബി) പ്രസ്തുത നഷ്ടപരിഹാരത്തുക വിതരണം നടത്തിയിട്ടുണ്ടോ : എങ്കിൽ എത്രയാളുകൾക്ക് പ്രസ്തുത തുക വിതരണം ചെയ്തിട്ടുണ്ട് :

(സി) എത്രയാളുകൾക്ക് എത്ര തുക വീതം ഇനിയും നല്കേണ്ടതുണ്ട് :

(ഡി) ഇവ എന്നത്തേക്ക് വിതരണം ചെയ്യും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2001 - 20,20,000 രൂപ

2002 - 1,79,300 രൂപ

(ബി) വിതരണം ചെയ്തു കഴിഞ്ഞിരിക്കുന്നു.

2001 - 396 പേർക്ക്

2002 - 17 പേർക്ക്

(സി) 2001 - 51 പേർക്ക്

4,17,000 രൂപയും

2002 - 26 പേർക്ക്

1,44,000 രൂപയും നൽകുവാനുണ്ട്.

(ഡി) ഇപ്പോൾ ട്രഷറി നിയന്ത്രണം പൂർണ്ണമായും മാറ്റിയ സ്ഥിതിയ്ക്ക് സ്റ്റേജ് സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് തുക വിതരണം നടത്തുന്നതാണ്.

ഹരിപ്പാട് നിയോജകമണ്ഡലത്തിലെ പ്രകൃതിക്ഷോഭ ദുരിതാശ്വാസ തുക വിതരണം ചെയ്യുന്നതിന് നടപടി

23 (4302) ശ്രീ. ടി. കെ. ദേവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഹരിപ്പാട് നിയോജകമണ്ഡലത്തിൽ പ്രകൃതിക്ഷോഭ ദുരിതാശ്വാസമായി എത്ര തുക എത്ര പേർക്ക് വിതരണം ചെയ്തിട്ടുണ്ട് :

(ബി) അർഹരായ എത്ര പേർക്കാണ് ഇനിയും സഹായം വിതരണം ചെയ്യാനുള്ളത് :

LIBRARY ARCHIVES Kerala Legislative Assembly